REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 28-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ സമാപിക്കും.**
- **രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും.**
- **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കോൺഗ്രസ് മഹാത്മാഗാന്ധിയുടെ പേരിട്ടത് രാഷ്ട്രീയ ലാഭത്തിന് വേണ്ടി മാത്രമായിരുന്നെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കി ബാത്ത് രാവിലെ 11-ന് ആകാശവാണി- ദൂരദർശൻ ശൃംഖലകളിൽ.**
- **ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് വൈകിട്ട് സമാപിക്കും.**
- **ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റിലെ നാലാം മത്സരം വൈകിട്ട് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ.**

## വാർത്തകൾ വിശദമായി

**ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ സമാപിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും സമ്മേളനത്തിൽ അധ്യക്ഷനാവും. വെള്ളിയാഴ്ചയാണ് സമ്മേളനം ആരംഭിച്ചത്. കേന്ദ്ര-സംസ്ഥാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തി ദേശീയ വികസന മുൻഗണനകൾ ആവിഷ്ക്കരിക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സഹകരണ ഫെഡറലിസം എന്ന കാഴ്ചപ്പാടിന് പ്രാമുഖ്യം നൽകുന്ന സമ്മേളനം**

കേന്ദ്ര- സംസ്ഥാന പങ്കാളിത്തത്തിന്റെ പുതിയ മാർഗ്ഗരേഖ തയ്യാറാക്കും. വികസിത ഭാരതത്തിനാവശ്യമായ മനുഷ്യ മൂലധനം എന്ന പ്രമേയമാണ് സമ്മേളനത്തിന്റേത്.

ഭരണം, പരിഷ്കാരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്തതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വടക്കൻ കർണാടകയിലെ കാർവാറിൽ INS കദംബ നാവിക താവളം സന്ദർശിക്കും. ഗോവയിൽ നിന്ന് കാർവാറിലെത്തുന്ന രാഷ്ട്രപതി, സന്ദർശനത്തിനു ശേഷം അന്തർവാഹിനിയിൽ അല്പനേരം യാത്രയും നടത്തും. മുൻ രാഷ്ട്രപതി ഡോ. APJ അബ്ദുൽ കലാമിന് ശേഷം അന്തർവാഹിനി യാത്ര നടത്തുന്ന രണ്ടാമത്തെ രാഷ്ട്രപതിയാണ് ദ്രൗപതി മുർമു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും. നാളെ വൈകിട്ട് പാളയം LMS ൽ ട്രിവാൻഡ്രം ഫെസ്റ്റിലെ സ്നേഹസംഗമത്തിൽ ഉപരാഷ്ട്രപതി സംബന്ധിക്കും.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്നേഹസന്ദേശം നൽകും. 30ന് വർക്കല ശിവഗിരിയിലും തുടർന്ന് നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി സമാപനചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കോൺഗ്രസ് ഗവൺമെന്റ് മഹാത്മാഗാന്ധിയുടെ പേര് വെച്ചത് രാഷ്ട്രീയ ലാഭത്തിന് വേണ്ടി മാത്രമായിരുന്നെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ കുറ്റപ്പെടുത്തി. അവരുടെ ഭരണകാലത്ത് അഴിമതിയുടെ പര്യായമായിരുന്നു ഈ പദ്ധതിയെന്നും അദ്ദേഹം ഭോപ്പാലിൽ പറഞ്ഞു. പദ്ധതിക്ക് ആവർത്തിച്ച് ഫണ്ട് വെട്ടിക്കുറയ്ക്കലായിരുന്നു കോൺഗ്രസിന്റെ നയം.

വികസിത് ഭാരത് G RAM G നിയമത്തിൽ ഒരു ലക്ഷത്തി 51,000 ത്തിൽപ്പരം കോടി രൂപ പദ്ധതിക്കായി മാറ്റിവെച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് ആവശ്യമായയത്ര ജോലി ലഭിക്കാൻ ഇത്

സഹായിക്കും. ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന വികസന ജോലികളായിരിക്കും ഗ്രാമങ്ങളുടെ പുരോഗതിക്കും, വികസിത ഭാരത ലക്ഷ്യത്തിനും വേണ്ടി നടപ്പാക്കുകയെന്നും ചൗഹാൻ വിശദീകരിച്ചു. MG NREGA യിൽ UPA ഗവൺമെന്റ് ആകെ ചെലവിട്ടത് രണ്ട് ലക്ഷത്തി 13,000 കോടി രൂപയാണ്. അതേസമയം നരേന്ദ്രമോദി ഗവൺമെന്റ് എട്ട് ലക്ഷത്തി 53,000 കോടിയിൽപ്പരം രൂപ ചെലവഴിച്ചുവെന്നും ശിവരാജ് സിംഗ് ചൗഹാൻ വെളിപ്പെടുത്തി.

✪✪✪

ഇന്ത്യയുടെ വികസന യാത്രയിൽ 2025 നിർണായക വർഷമാണ്. നയങ്ങളെ പുരോഗതിയിലേക്കും, ലക്ഷ്യങ്ങളെ ഫലപ്രാപ്തിയിലേക്കും നയിച്ച വർഷത്തെക്കുറിച്ച് ആകാശവാണി ‘പരിഷ്ക്കരണ വർഷം’ പ്രത്യേക പരമ്പര.

....(വോയ്സ്).....

അടിസ്ഥാന മേഖലയുടെ എല്ലാ തലങ്ങളിലും വൻ പുരോഗതി കൈവരിച്ച വർഷമാണ് കടന്നുപോകുന്നത്. റെയിൽ, റോഡ്, വിമാനം, കപ്പൽ ഗതാഗത മേഖലകളിൽ ഈ കാലയളവിൽ രാജ്യം വലിയ മുന്നേറ്റം കൈവരിച്ചു. ഡിജിറ്റൽ രംഗത്തും വൻനേട്ടമാണ് ഉണ്ടായത്. 2025-26 ൽ 11 ലക്ഷം കോടിയിൽപ്പരം രൂപയാണ് അടിസ്ഥാന മേഖലയിലെ മൂലധന നിക്ഷേപമായി ഗവൺമെന്റ് നീക്കിവെച്ചത്. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 3.1 ശതമാനമാണിത്.

റെയിൽവെ വികസനത്തിൽ ചരിത്രപരമായ പല നാഴികക്കല്ലുകളും ഇക്കാലത്തുണ്ടായി. രാമേശ്വരത്തിന് സമീപം പാമ്പനിൽ നിർമ്മിച്ച കടലിന് മുകളിലെ വെർട്ടിക്കൽ ലിഫ്റ്റ് പാലം എൻജിനീയറിംഗ് വൈദഗ്ധ്യത്തിന്റെ എക്കാലത്തെയും പ്രതീകമാണ്. ജമ്മുകശ്മീരിലെ ഉയരമേറിയ ചെനാബ് പാലം മറ്റൊരു എൻജിനിയറിംഗ് വിസ്മയമാണ്. മിസോറാമിനെ റെയിൽ ശൃംഖലയുമായി കൂട്ടിയിണക്കിയതും ഈ വർഷമാണ്.

മെട്രോ ശൃംഖലയുടെ കാര്യത്തിലും വലിയ നേട്ടങ്ങൾക്ക് 2025 സാക്ഷ്യം വഹിച്ചു. 2014 ൽ കഷ്ടിച്ച് 240 കിലോമീറ്റർ ആയിരുന്ന മെട്രോ 2025 ൽ ആയിരം കിലോമീറ്ററിലധികമായി. ലോകത്ത് മൂന്നാമത്തെ വലിയ മെട്രോ ശൃംഖലയെന്ന നേട്ടമാണ് ഇതിലൂടെ കൈവരിച്ചത്. പുതിയ വന്ദേഭാരത് ട്രെയിനുകളും ഈ കാലയളവിൽ ആരംഭിച്ചു.

വ്യോമയാന രംഗത്തും വലിയ നേട്ടങ്ങളുടെ വർഷമായിരുന്നു ഇത്. 2014 ൽ 74 വിമാനത്താവളങ്ങൾ ഉണ്ടായിരുന്ന രാജ്യത്ത് ഇപ്പോൾ 163

വിമാനത്താവളങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ദേശീയപാതാ ശൃംഖലയുടെ ദൈർഘ്യം ഒരു ലക്ഷത്തി 46,000 കിലോമീറ്ററിലധികമായി. അടിസ്ഥാന മേഖലയിലെ വളർച്ച, സാമ്പത്തിക വളർച്ചയുടെ മുഖ്യസ്രോതസ്സാണെന്ന തിരിച്ചറിവാണ് ഇതിലൂടെ പ്രകടമാകുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ 'മൻ കി ബാത്' രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും. പരിപാടിയുടെ 129-ാം പതിപ്പാണിത്. ആകാശവാണി, ദൂരദർശൻ, AIR ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ് എന്നിവയിൽ പരിപാടി തത്സമയം ലഭ്യമാകും. ഹിന്ദി പ്രക്ഷേപണത്തിന് ശേഷം ആകാശവാണി പ്രാദേശിക ഭാഷകളിൽ പരിപാടി പ്രക്ഷേപണം ചെയ്യും. വൈകിട്ട് എട്ടിന് ഇതിന്റെ പുനഃപ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് ഇന്ന് തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഉദ്ഘാടനം ചെയ്യും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ ഗവൺമെന്റ് വലിയ ഇടപെടലാണ് നടത്തുന്നതെന്ന് മന്ത്രി O.R കേളു പറഞ്ഞു. കോഴിക്കോട് മരുതോങ്കരയിൽ 'ഉന്നതി വിജ്ഞാന കേരളം' തൊഴിൽ പരിശീലന പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അടുത്ത മാർച്ച് 31 നകം പദ്ധതിയിലൂടെ 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

പട്ടികവർഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള -സർഗോത്സവ-ത്തിന് ഇന്ന് കണ്ണൂരിൽ തുടക്കമാകും.

K.O. ശശിധരന്റെ റിപ്പോർട്ട്.

....(വോയ്സ്)...............

✪✪✪

**അഞ്ചാമത് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് വൈകിട്ട് സമാപിക്കും. ബേപ്പൂരിന് ജല-കായിക-സാഹസികതയുടെ മൂന്നു ദിനരാത്രങ്ങൾ സമ്മാനിച്ച ഫെസ്റ്റിലെ മത്സര വിജയികൾക്ക് സമാപന ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.**

**മലബാറിൽ ആദ്യമായി സംഘടിപ്പിക്കുന്ന ഡ്രാഗൺ ബോട്ട് റേസ് ബേപ്പൂർ ബ്രേക്ക് വാട്ടറിലും, ചെസ് മത്സരം ചാലിയം ഹൈസ്കൂളിലും ഉച്ചകഴിഞ്ഞ് തുടങ്ങും. ഫെസ്റ്റിന്റെ ഭാഗമായ ഭക്ഷ്യമേള നാളെയും ഉണ്ടായിരിക്കും.**

**ഇന്നലെ മേളയുടെ ഭാഗമായി സംഘടിപ്പിച്ച ട്രഷർ ഹണ്ട് മത്സരത്തിൽ 24 ടീമുകൾ പങ്കെടുത്തു.**

✪✪✪

**ഇന്ത്യാ- ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം വൈകിട്ട് ഏഴിന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ആരംഭിക്കും. മൂന്നു മത്സരം ജയിച്ച് ഇന്ത്യ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്. ആശ്വാസജയമാണ് ശ്രീലങ്കയുടെ ലക്ഷ്യം.**

✪✪✪

**അടുത്ത മാസം തുടങ്ങുന്ന അണ്ടർ -19 ഏകദിന ലോകകപ്പിന് BCCI 15 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. ആയുഷ് മാത്രെ നായകനും, വിഹാൻ മൽഹോത്ര ഉപനായകനുമാണ്. ബാറ്റിംഗ് മികവിൽ 14 കാരനായ വൈഭവ് സൂര്യവംശിയും ടീമിൽ ഉൾപ്പെട്ടിട്ടുണ്ട്.**

✪✪✪

**ഭോപ്പാലിൽ ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിലെ വനിതകളുടെ 50 മീറ്റർ റൈഫിൾ ത്രീ പൊസിഷനിൽ കർണാടകയുടെ തിലോത്തമ സെൻ ദേശീയ ചാമ്പ്യനായി. പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ ഷൂട്ടറാണ് തിലോത്തമ സെൻ. കേരളത്തിന്റെ വിദർശ K വിനോദ് വെള്ളിയും, റെയിൽവെയുടെ അയോണിക പോൾ വെങ്കലവും നേടി.**

✪✪✪

ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോളിൽ ഗോകുലം കേരളാ FC കൊൽക്കത്തയിൽ മധുര സേതു FC യോട് സമനില പാലിച്ചു. ഇരുടീമുകളും ഓരോ ഗോളടിച്ചു. പോയിന്റ് പട്ടികയിൽ ഗോകുലം ആറാം സ്ഥാനത്താണ്.

✪✪✪

തൃശൂർ സ്വരാജ് റൗണ്ടിനെ ആവേശത്തിലാഴ്ത്തി ബോൺ നതാലെ അരങ്ങേറി. 213 ഇടവകകളിലെ 15,000 ത്തോളം ക്രിസ്മസ് പാപ്പമാർ പരിപാടിയിൽ പങ്കെടുത്തു.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

.......(വോയ്സ്)......

✪✪✪

തിരുവനന്തപുരം ദൂരദർശനിൽ നിന്ന് വിരമിച്ച അസിസ്റ്റന്റ് എൻജിനീയർ P A ഹരിദാസ് നിര്യാതനായി. 61 വയസ്സായിരുന്നു. സംസ്കാരം ഉച്ചയ്ക്ക് തൃശൂർ പാറമേക്കാവ് ശാന്തിഘട്ടിൽ നടത്തും.

✪✪✪

മുതിർന്ന മാധ്യമ പ്രവർത്തകനും ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് മുൻ ബ്യൂറോ ചീഫുമായിരുന്ന മാത്യു A തോമസ് നിര്യാതനായി. 60 വയസായിരുന്നു. പുനലൂരിലെ വസതിയിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. മൃതദേഹം പുനലൂർ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader: അബ്ദുൽ കബീർ*
*NRTs: രജിന കെ*
*DEO : ഷീബ*